**JOHN F KENNEDY MEMORIAL VOCATIONAL HIGHER SECONDARY SCHOOL**

**AYANIVELIKULANGARA,KARUNAGAPPALLY**

**SCHOOL CODE:41033**

# Academic Masterplan-2025-26

Meera MS

20/08/2025 Headmistress

# ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. പദ്ധതി

രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല,സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം

1.വിദ്യാലയത്തിന്റെ പേര്: **ജോൺ എഫ് കെന്നഡി മെമ്മോറിയൽവൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കരുനാഗപ്പള്ളി**

വിലാസം: **ജോൺ എഫ് കെന്നഡി മെമ്മോറിയൽവൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കരുനാഗപ്പള്ളി**

ഫോൺ: 7306009949

2.സ്കൂൾ കോഡ് : 41033

3.വിദ്യാഭ്യാസ ഉപജില്ല : **കരുനാഗപ്പള്ളി**

4.വിദ്യാഭ്യാസ ജില്ല : **കൊല്ലം**

5.റവന്യു ജില്ല : **കൊല്ലം**

6.ബി.ആർ.സി : **കരുനാഗപ്പള്ളി**

7.സി.ആർ.സി : **കരുനാഗപ്പള്ളി**

8.**മുൻസിപ്പാലിറ്റി** : **കരുനാഗപ്പള്ളി**

9.ജില്ലാ പഞ്ചായത്ത് : **കൊല്ലം**

10.നിയമസഭാമണ്ഡലം : **കരുനാഗപ്പള്ളി**

11.ലോകസഭാമണ്ഡലം :ആലപ്പുഴ.

12.താലൂക്ക് : **കരുനാഗപ്പള്ളി**

13.വില്ലേജ് : **അയണിവേലികുളങ്ങര**

**14.ഇ-മെയിൽ : 41033kollam@gmail.com**

15.വെബ്സൈറ്റ് : www.jfkmvhss.com

16.സ്കൂൾ വിക്കി : KOLLAM(Revenue) Kollam(Ednl.District) JFKMVHSS, Karunagappally

# ചരിത്രം

**മുൻ അമേരിക്കൻ പ്രസിഡന്റിന്റെ ഓർമയിൽ കരുനാഗപ്പള്ളിയിൽ ഒരു വിദ്യാലയം**

**© കരുനാഗപ്പള്ളി ജോൺ എഫ്.കെന്നഡി മെമ്മോറിയൽ സ്കൂൾ**

**മുൻ അമേരിക്കൻ പ്രസിഡൻറ് ജോൺ എഫ്.കെന്നഡിയെ നേരിൽ കണ്ടിട്ടില്ലെങ്കിലും അദ്ദേഹം കരുനാഗപ്പള്ളിക്കാർക്ക് സുപരിചിതൻ.**

**അമേരിക്കയിലെ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായംകുറഞ്ഞ പ്രസിഡൻറായിരുന്നു ജോൺ ഫിറ്റ്സ് ജെറാൾഡ് കെന്നഡി. 1917-ൽ ജനിച്ച കെന്നഡി 1961-ലാണ് അമേരിക്കയിലെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത്. 1963-ൽ അദ്ദേഹം വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗം ലോകത്തെയാകെ ദുഖത്തിലാഴ്ത്തിയ കാലത്തായിരുന്നു ഇവിടെ, കരുനാഗപ്പള്ളിയിൽ സർക്കാർ സർവീസിൽനിന്ന് വിരമിച്ച ശ്രീ കാരാഞ്ചേരിരാമകൃഷ്ണപിള്ള എന്ന ദീർഘദർശി ഒരു വിദ്യാലയം തുടങ്ങുന്നതിനുള്ള ആശയവുമായി മുന്നോട്ടുവന്നത്. തീരദേശമേഖലയിൽനിന്നുള്ള വിദ്യാർഥികൾ കിലോമീറ്ററുകൾ താണ്ടി കരുനാഗപ്പള്ളിയിലെ സ്കൂളുകളിൽ പഠിക്കാൻ പോയിരുന്ന കാലമായിരുന്നു അത്.**

**വിദ്യാലയത്തിന്റെ പേരിനെക്കുറിച്ച് അദ്ദേഹത്തിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ജോൺ എഫ്.കെന്നഡിയുടെ ഓർമയ്ക്കായ് അദ്ദേഹത്തിന്റെ നാമധേയത്തിൽ  യു.പി.സ്കൂൾ തുടങ്ങിയായിരുന്നു തുടക്കം.**
**1965 ജൂൺ രണ്ടിന് സ്കൂളിന് കെട്ടിടം നിർമിക്കാൻ ഡിസ്ട്രിക്ട് ജഡ്ജായിരുന്ന സി.എം.മാത്യു തറക്കല്ലിട്ടു. 1969-ൽ സ്കൂളിന് എയ്ഡഡ് പദവി ലഭിച്ചു .1985 ൽ ഹൈസ്കൂളായി ഉയർന്നു.  1997-ൽ വൊക്കേഷണൽ ഹയർ സെക്കൻഡറിയും 2000-ത്തിൽ അൺഎയ്ഡഡായി ഹയർ സെക്കൻഡറിയും അനുവദിച്ചു.1987 ഇൽ സ്ഥാപക മാനേജറായ ശ്രീ കാരഞ്ചേരി രാമകൃഷ്ണപിള്ളയുടെ വിയോഗത്തെ തുടർന്ന് അദ്ദേഹത്തിന്റെ പത്നി ശ്രീമതി കണ്ണമ്പള്ളിൽ സരോജിനി പിള്ളയും തുടർന്ന് മക്കളായ ശ്രീ കാരാഞ്ചേരി രാധാകൃഷ്ണ കുമാർ ശ്രീ ശ്രീകുമാർ കണ്ണമ്പള്ളി എന്നിവരും സ്കൂളിന്റെ മാനേജർ സ്ഥാനങ്ങൾ അലങ്കരിച്ചു. ശ്രീ ശ്രീകുമാർ കണ്ണമ്പള്ളിയുടെ പത്നി ശ്രീമതി മായ ശ്രീകുമാർ ഇപ്പോൾ സ്കൂളിന്റെ മാനേജർ ആയും ശ്രീ ഗംഗറാം കണ്ണമ്പള്ളി,  ശ്രീ സിറിൽ. എസ്. മാത്യു എന്നിവർ അഡ്മിനിസ്ട്രേറ്റർസ് ആയും വിദ്യാലയത്തിന്റെ നേതൃത്വം ഏറ്റെടുത്ത് സ്കൂൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.**

**ലക്ഷ്യങ്ങൾ:-**

**1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.**

**2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.**

**3) ക്ലാസ് 5 മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസ്യതമായി നേടേ ശേഷികൾക്ക് ഊന്നൽ നൽകിക്കൊ ള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലം രൂപപ്പെടുത്തൽ.**

**4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.**

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്:-

1) 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ

കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2) പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ

പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3) ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും

രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും

ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ

മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ

നേടുന്നു ് എന്ന് ഉറപ്പാക്കൽ.

6) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക്

കൈമാറേ ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ:-

1) എസ്.ആർ.ജി. യോഗത്തിൽ 'കെന്നഡി സ്കൂൾ-വിഷൻ 2030' എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2) വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം -അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC രാഷ്ട്രീയ സംഘടനപ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 6. നിലവിലെ അവസ്ഥാവിശകലനം:-

<u>അക്കാദമികം - നേട്ടങ്ങൾ</u>

തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു.

USS,NNMS പരീക്ഷകൾക്ക് പ്രേതെക പരിശീലനം നൽകുന്നു.

One GK for One Dayപരിപാടിയിൽ ദൈനംദിനം സമകാലിക പൊതുവിജ്ഞാന ചോദ്യങ്ങൾ ചോദിച്ചു വിജയികൾക്ക് സമ്മാനം നൽകുന്നു.

Mid term,term പരീക്ഷകൾക്ക് ശേഷം കൃത്യമായ പി ടി എ നടത്തി ഫലം വിശകലനം ചെയ്യുന്നു .

ഡി) അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേ തു ് . സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കലാകായികി പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണ്ണ സമയസേവനം ലഭ്യമാകുന്നില്ല.

അക്കാദമിക മികവ് സ്കൂളിലെ വിവിധ സമിതികൾ ഒരുമിച്ചിരുന്ന് തയ്യാറാക്കുവാൻ ശ്രദ്ധിക്കണം. 'അക്കാദമിക് മികവാണ് വിദ്യാലയ മികവ്' എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തനങ്ങൾ

**ക െത്തുവാൻ പരിശ്രമിക്കണം.എട്ടാം അദ്ധ്യായം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളുടെ വിശദീകരണമാണ് . സമയബന്ധിതമായി , ശിശു കേന്ദ്രീകൃതമായി ഇവ നടപ്പാക്കുന്നവിധം ലളിതമായി പ്രതിപാദിക്കണം.**

**7) മികവിനായി ഏറ്റെടുക്കേ  പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തചന്റ്**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1)ഭാഷാശേഷിവികസനം<br>2)ഗണിതശേഷി വികസനം<br>3)ഇംഗ്ലീഷ് പഠന പരിപോഷണം<br>4)ശാസ്ത്രപോഷണ പരിപാടി<br>5)വായനാ പരിപോഷണം<br>6)ലൈബ്രറി ശാക്തീകരണം<br>7)ലബോറട്ടറി ആധുനികവത്കരിക്കൽ<br>8)പ്രതിഭാപോഷണ പരിപാടി<br>9)നാടകക്കളരി<br>10)ജൈവ വൈവിധ്യപാർക്ക്<br>11)സാഹിത്യ പോഷണ പരിപാടികൾ<br>12)പഠനയാത്രകൾ<br>13)സെമിനാറുകൾ<br>14)കലാ-കായികമേള<br>15)ഐ.ടി. പരിശീലനം<br>16)അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>17)ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>18)സ്കൂൾ പത്രം/മാസിക<br>19)പ്രവൃത്തി പരിചയപഠനം<br>20)ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>21)എസ്.ആർ.ജി. ശാക്തീകരണം<br>22)ശാസ്ത്രാഭിരുചി വളർത്തൽ<br>23)പച്ചക്കറിത്തോട്ടം<br>24)രചനാശില്പശാല<br>25)അഭിമുഖങ്ങൾ<br>26)മെഡിക്കൽ ക്യാമ്പ്<br>27)പോഷകാഹാര പരിപാടി<br>28)പാവനാടക പരിശീലനം/ശില്പശാല<br>29)ഒറിഗാമി ശില്പശാല<br>30)ഗണിതലാബ്,<br>31)ഗണിതാന്തരീക്ഷമൊരുക്കൽ<br>32)ഭാഷാലാബ്<br>33)ഹബാല ബ്ലോഗ്<br>34)ടേം മൂല്യനിർണയം,<br>35)നിരന്തരവിലയിരുത്തൽ<br>36)ദിനാചരണം | ചുറ്റുമതിൽ, ഗേറ്റ്<br>കളിസ്ഥലം<br>ചിൽഡ്രൻസ് പാർക്ക്<br>ക്ലാസ്സ് മുറികൾ<br>ഓഫീസ് മുറി<br>സ്റ്റാഫ് മുറി<br>വിശ്രമമുറി<br>കമ്പ്യൂട്ടർ റൂം<br>മൾട്ടിമീഡിയ റൂം<br>ലൈബ്രറി<br>അടുക്കള<br>ഡൈനിംഗ് ഹാൾ<br>അസംബ്ലി ഹാൾ<br>കുടിവെള്ള വിതരണം<br>മാലിന്യ സംസ്കരണം<br>ടോയിലറ്റ്<br>ലബോറട്ടറി<br>ജന്മദിനത്തിനൊരു പുസ്തകം<br>ചിത്രരചന<br>എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>എന്റെ ചെടി<br>എനിക്കും പറയാനു ്<br>ഭാഷോത്സവം<br>ഗണിതോത്സവം<br>മെട്രിക് മേള | പിടിഎ ശക്തിപ്പെടുത്തൽ<br>എസ്.എം.സി.,<br>എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ<br>വിദ്യാലയ വികസനസമിതി<br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>എസ്.എസ്.ജി<br>എൽ.എസ്.ജി. ബന്ധം<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>ക്ലാസ്സ് പിടിഎ മാതൃകാപര മാക്കുന്നതിനുള്ള നടപടികൾ<br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.<br>റിസോഴ്സ് മാപ്പിംഗ്<br>പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം.<br>പഠനക്കൂട്ടം<br>പ്രാദേശിക പി.ടി.എ. |

പ്രവർത്തനം 1

## പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

## ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴച് യിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | ------------- |

പ്രവർത്തനം 2

## പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ

## ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. | പ്രതിമാസ പരിപാടി | ഇ ം ഗ്ല ീ ഷ് അദ്ധ്യാപകൻ | 2000/- pta |

പ്രവർത്തനം 3

## പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

## ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇ ം ഗ്ല ീ ഷ് അദ്ധ്യാപകൻ | |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |

പ്രവർത്തനം 7

പേര് : ഇംഗ്ലീഷ് ചാറ്റിംഗ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | – – |

പ്രവർത്തനം 8

പേര് : Translation of Malayalam childrens books to English (മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/– (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 9

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5,000/– (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം 10

**പേര്** : **പ്രസംഗ തർജ്ജമ**

**ഉപമേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – – |

പ്രവർത്തനം 11

**പേര്** : **പദപ്രശ്ന നിർമ്മാണം**

**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – – |

പ്രവർത്തനം 12

**പേര്** : **ഇംഗ്ലീഷ് കോർണർ**

**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – – |

പ്രവർത്തനം 13

**പേര്** : **രചനാ ശില്പശാല**

**ഉപമേഖല** : **മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 14

**പേര്** : **ബ്ലോഗ് നിറയ്ക്കൽ യജ്ഞം**

**ഉപമേഖല** : **ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ. റ്റി.സി. | - - |

പ്രവർത്തനം 15

**പേര്** : **സർഗ്ഗ സല്ലാപം**

**ഉപമേഖല** : **ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. & പി.ടി.എ. | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 16

**പേര്** : **ഗ്രന്ഥശാലാ ശാക്തീകരണം**

**ഉപമേഖല** : **ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭനവസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 17

**പേര്** : **നാടകക്കളരി**

**ഉപമേഖല** : **ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | - - |

പ്രവർത്തനം 18

**പേര്** : **അഭിമുഖങ്ങൾ / സെമിനാറുകൾ**

**ഉപമേഖല** : **സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |

പ്രവർത്തനം 19

**പേര്** : **പാവനാടക പരിശീലന ശില്പശാല**

**ഉപമേഖല** : **സർഗ്ഗാത്മക വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. | 5000/- |

പ്രവർത്തനം 20

**പേര്** : **കുട്ടീസ് റേഡിയോ**

**ഉപമേഖല** : **ഭാഷയുടെ പ്രകടനപരത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | 25,000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 21

**പേര്** : **സ്കൂൾ വിഷൻ**

**ഉപമേഖല** : **സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം. അസംബ്ലി, പൊതുപരിപാടികളുടെ സംപ്രേക്ഷണം. | എല്ലാ ദിവസവും ഇടവേള കളിൽ | എസ്.ആർ.ജി. | 50,000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 22

**പേര്** : **ദിനാചരണങ്ങൾ**

**ഉപമേഖല** : **സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | – – |

പ്രവർത്തനം 23

**പേര്** : **ഒറിഗാമി ശില്പശാല**

**ഉപമേഖല** : **അക്കാദമികം / ഗണിതശേഷികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ. | 1000/– ഒ.എസ്.എ. |

പ്രവർത്തനം 24

**പേര്** : **ഗണിതലാബ് സജ്ജീകരിക്കൽ**

**മേഖല/ഉപമേഖല** : **അക്കാദമികം / ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | – – |

പ്രവർത്തനം 25

**പേര് : ഗണിത പാർക്ക്**

**മേഖല/ഉപമേഖല : അക്കാദമികം / ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം 26

**പേര് : ശാസ്ത്രലാബ് നവീകരിക്കൽ**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം 27

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി**

**മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം 28
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 29
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം 30
പേര് : മേളകൾ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 31

**പേര്** : **സാമൂഹ്യ ശാസ്ത്രലാബ്**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.റ്റി.എ.) |

പ്രവർത്തനം 32

**പേര്** : **പഠനയാത്രകൾ**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 33

**പേര്** : **ഡിബേറ്റ് ക്ലബ്ബ്**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയ ങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം 34

**പേര്** : **മോക്ക് പാർലമെന്റ്**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | – – |

പ്രവർത്തനം 35

**പേര്** : **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 36

**പേര്** : **ബുള്ളറ്റിൻ ബോർഡ്**

**മേഖല/ഉപമേഖല** : **അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

**പ്രവർത്തനം 37**

**പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**

**മേഖല/ഉപമേഖല : അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി.) |

**പ്രവർത്തനം 38**

**പേര് : കലാമണ്ഡപം**

**മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 200000/- (സി.എസ്.ആർ. ഫണ്ട്) |

**പ്രവർത്തനം 39**

**പേര് : ചിത്രരചനാക്കളരി**

**മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യേവേനൽ അവധിക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം 40

**പേര് : കായിക പരിശീലനം**

**മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകൻ | 10000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 41

**പേര് : കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ**

**മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തി ലേയും മത്സരങ്ങ ൾക്കുശേഷം | എച്ച്. എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം 42

**പേര് : മെഡിക്കൽ ക്യാമ്പ്**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷ ത്തിൽ ഒന്നു വീതം | എച്ച്. എം. പി.ടി.എ. | 10000/- (പി.ടി.എ.) |

പ്രവർത്തനം 43

**പേര് : പച്ചക്കറിത്തോട്ടം**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എസ്.എസ്. ജി. | 5000/- (കൃഷിവകുപ്പ്) |

പ്രവർത്തനം 44

**പേര്** : **ജൈവ വൈവിധ്യപാർക്ക്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദ മായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ.) |

പ്രവർത്തനം 45

**പേര്** : **ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 46

**പേര്** : **പോഷകാഹാര പരിപാടി**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം 47

**പേര്** : **ഗവേഷണ പ്രോജക്ടുകൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നാക്കാവസ്ഥ യുള്ളവർക്കുള്ള പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | എസ്.ആർ.ജി. പി.ടി.എ. എം.പി.ടി.എ. എസ്.എസ്.ജി. | - - |

പ്രവർത്തനം 48

**പേര്** : **വരയും കുറിയും**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്ക്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയുംലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തിപുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | ഒ.എസ്.എ. എസ്.എസ്.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം 49

**പേര്** : **ജന്മദിനത്തിനൊരു പുസ്തകം**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | — |

പ്രവർത്തനം 50

**പേര്** : **ശാസ്ത്രമാജിക്**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | — |

പ്രവർത്തനം 51

**പേര്** : **വർക്ക്ഷീറ്റ് നിർമ്മിക്കൽ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 52

**പേര്** : **സമ്മർ ഗ്രാമർ സ്കൂൾ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | അവധി ദിവസങ്ങൾ | ഒ.റ്റി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം 53

**പേര്** : **സമഗ്ര പോർട്ടൽ ശില്പശാല**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | it @ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി. യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം 54

**പേര്** : **ലോകസഞ്ചാരം**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീ കരിക്കണം. ദിവസവും ദിന പത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 55

**പേര്** : **ചരിത്ര കലണ്ടർ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി. | — |

പ്രവർത്തനം 56

**പേര് : 100 കവികൾ 100 കവിതകൾ**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവ ചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | — |

പ്രവർത്തനം 57

**പേര് : എംബ്ലം പുരാണം**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിക്കണം. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/പദ്ധതി അവയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം 58

**പേര് : നിശാപാഠശാല**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നാക്കക്കാരായ 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് രാത്രികാല പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുമ്പായി ഒരു മാസം നീണ്ടുനിൽക്കന്ന രാത്രികാല പരിശീലനം പി.ടി.എ. പ്രതിനിധികളും അദ്ധ്യാപകരും പാഠശാലയ്ക്ക് നേതൃത്വം നൽകണം ഭക്ഷണം നൽകണം | പ്രതിവർഷം ഒരു മാസം | പി.ടി.എ. എസ്.ആർ.ജി. | 10000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 59

പേര് : മൺമറഞ്ഞ ആഹാരം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | — |

പ്രവർത്തനം 60

പേര് : ഫാസ്റ്റ് ഫുഡ് – ഫാസ്റ്റ് ടു ഡെത്ത്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | — |

(തുടർന്നുവരുന്ന പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഓരോ വിദ്യാലയവും വിദ്യാലയത്തിന്റെ ഭൗതിക പരിസരത്തെ മുഴുവനായി വിലയിരുത്തി രൂപപ്പെടുത്തണം. ഉൾപ്പെടുത്തിയിരിക്കുന്നത് മാതൃകകൾ മാത്രം)

പ്രവർത്തനം

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

Your text here 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 5 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം

പേര് : ശൗചാലയ സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 10 ലക്ഷം (എം.എൽ.എ ഫണ്ട്) |

പ്രവർത്തനം

പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി & ലാബ മന്ദിരസമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി | 80 ലക്ഷം (നബാർഡ്) |

പ്രവർത്തനം
പേര് : ജനറേറ്റർ സ്ഥാപിക്കൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ്റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ. | 20 ലക്ഷം (എം.പി. ഫണ്ട്) |

പ്രവർത്തനം
പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, റ്റി.സി. രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്. എം., ക്ലർക്ക് എസ്.ആർ.ജി. കൺവീനർ | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം
പേര് : മാലിന്യ സംസ്കരണം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി. | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം
പേര് : ബയോഗ്യാസ് പ്ലാന്റ്
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജ മാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (അനെർട്ട്) |

പ്രവർത്തനം
പേര് : ടൂൾ കിറ്റ്, പണിയായുധങ്ങൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമ മാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ. സ്റ്റാഫ് സെക്രട്ടറി | 10,000/- (പി.ടി.എ.) |

പ്രവർത്തനം
പേര് : സൗരോർജ്ജപാനൽ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപ യോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ. | 10 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം
പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയ ത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷ ത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി., ഒ.എസ്.എ. | 5000/- (ഒ.എസ്.എ.) |

പ്രവർത്തനം
പേര് : പൂർവ്വാദ്ധ്യാപക സംഗമം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം
പേര് : അങ്കണവാടി കലോത്സവം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ട വർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരി സരത്തുള്ള അങ്കണവാ ടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടി പ്പിക്കൽ, വിരുന്നു നൽകൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 10,000/- (സ്പോൺസർ ഷിപ്പ്) |

പ്രവർത്തനം
പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി., എസ്.ആർ.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം
പേര് : പഠനക്കൂട്ടങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ ടേമിലും ഒന്നു വീതം മികവുകളുടെ അവതരണം . ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ്.ആർ.ജി. പി.ടി.എ. എസ്.എസ്.ജി., | 5,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം
പേര് : രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ / അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | എച്ച്.എം. ഐ.ടി.@ സ്കൂൾ എസ്.ഐ. റ്റി.സി. | - |

പ്രവർത്തനം

പേര് : പി.എസ്.സി. കോച്ചിംഗ് ക്ലാസ്സ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ പി.എസ്.സിയ്ക്ക് വിവിധ തസ്തികകളിൽ ജോലി തേടുന്നവർക്ക് കോച്ചിംഗ് ക്ലാസ്സ് | എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിനങ്ങളിലും | പി.ടി.എ. | – |

പ്രവർത്തനം

പേര് : വായനാക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | – |

പ്രവർത്തനം

പേര് : സ്റ്റാർട്ട് അപ്സ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തവും വരുമാനവും വർദ്ധിപ്പിക്കൽ | മദേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഉത്പാദന യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ ആരംഭിക്കൽ (എൽ.ഇ.ഡി. ബൾബ്, റബ്ബർബാന്റ്, പേപ്പർ കവർ, സേവന കേന്ദ്രങ്ങൾ) | ഒരു പ്രാവശ്യം | പി.ടി.എ. | 5 ലക്ഷം (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം

പേര് : പി.ടി.എ./എം.പി.ടി.എ. സർഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | പി.ടി.എ., മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എം.പി.ടി.എ. എസ്.ആർ.ജി. | 10000/- പി.ടി.എ. ഫണ്ട് |

പ്രവർത്തനം

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, സ്കൂൾ പാർലമെന്റ് | – |

പ്രവർത്തനം

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി. | 5000/- (പി.ടി.എ. ഫണ്ട്) |

പ്രവർത്തനം

പേര് : പുസ്തക പ്രചരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ. ധനസമാഹരണ മാർഗ്ഗം | ജെ.ആർ.സി. കുട്ടികൾ, അദ്ധ്യാപകർ, പി.ടി.എ. കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ചെറുഗ്രൂപ്പ് മുൻകൂട്ടി വാങ്ങിയ വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ. കമ്മീഷൻ വിദ്യാലയ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ | മദ്ധ്യവേനൽ അവധി ക്കാലം | ജെ.ആർ.സി. സ്റ്റാഫ് കൗൺസിൽ പി.ടി.എ. | – |

പ്രവർത്തനം

പേര് : പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ/കവിത/ കാർട്ടൂൺ/കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യസൃഷ്ടികൾ എസ്.ആർ.ജി.യുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായവ തെരഞ്ഞെടുക്കൽ. അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, വിറ്റഴിക്കൽ, അച്ചടിച്ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തക ങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ. | 10,000/– (പരസ്യം) |

പ്രവർത്തനം

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്ആർജി. പി.ടി.എ. | 10,000/– (പരസ്യം) |

പ്രവർത്തനം

**പേര്** : **മത്സര പരീക്ഷകൾക്ക് പരിശീലനം**

**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | അവധി ദിവസങ്ങളിൽ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം. ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന നാമമാത്ര ഫീസ് അക്കാദമിക് ആവശ്യങ്ങൾക്ക് വിനിയോഗിക്കൽ | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി. ഒ.റ്റി.എ. പി.ടി.എ. | 10,000/- (പരസ്യം) |

പ്രവർത്തനം

**പേര്** : **എൻട്രൻസ് കോച്ചിംഗ്**

**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ സാമൂഹിക ബന്ധം വളർത്തൽ | വിരമിച്ച എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി അവധി ദിവസങ്ങളിൽ എൻട്രൻസ് പരിശീലനം | അവധി ദിവസങ്ങൾ | ഒ.റ്റി.എ. എസ്.എസ്.ജി. | — |

പ്രവർത്തനം

**പേര്** : **ഗ്രാമപത്രം**

**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | പ്രതിദിനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | 5000/- (ഒ.എസ്.എ.) |

പ്രവർത്തനം

**പേര്** : **കാരണവക്കൂട്ടം**

**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒന്നു വീതം | ഒ.എസ്.എ. എസ്.ആർ.ജി. | — |

പ്രവർത്തനം
**പേര്** : **ഹരിതഗ്രാമം**
**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീപത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. സ്കൂൾ പാർലമെന്റ് | 10000/- (സംഭാവന) |

പ്രവർത്തനം
**പേര്** : **പൊതിച്ചോറ്**
**മേഖല** : **സാമൂഹികം / ജീവകാരുണ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണപൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി. | — |

(1 മുതൽ 60 വരെ അക്കാദമിക് പ്രവർത്തനങ്ങളും 61 മുതൽ 82 വരെ ഭൗതിക പ്രവർത്തനങ്ങളും 83 മുതൽ 103 വരെ സാമൂഹിക പ്രവർത്തനങ്ങളും ആകുന്നു. ഇവ മാതൃകകൾ മാത്രം. വിദ്യാലയത്തിന് അനുയോജ്യമായവ കണ്ടെത്തി മൂന്നായി തിരിച്ച് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തണം)

(**പ്രതീക്ഷിത നേട്ടങ്ങൾ** - പദ്ധതി നടപ്പാക്കി കഴിയുമ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണം എന്നു നാം ലക്ഷ്യം വയ്ക്കുന്ന മാറ്റങ്ങളും തദ്വാര കൈവരിക്കുന്ന നേട്ടങ്ങളും ഉൾപ്പെടുത്തുക - മാതൃക പരിശോധിക്കുക.)

**9. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

(**മോണിട്ടറിംഗ് രീതി** - പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് സഹായകരമാകുന്ന ഒരു മോണിട്ടറിംഗ് രീതി അതാത് വിദ്യാലയങ്ങൾ വികസിപ്പിച്ചെടുക്കണം. പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന മോണിട്ടറിംഗ് ആയിരിക്കണം - മാതൃക പരിശോധിക്കുക.)

**10. മോണിട്ടറിംഗ് രീതി**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി., എസ്.ആർ.ജി., ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം./പ്രിൻസിപ്പാൾ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

(**ഉപസംഹാരം** - വികസനരേഖയുടെ ലക്ഷ്യം ചുരുക്കിയെഴുതുക - മാതൃക പരിശോധിക്കുക.)

**11. ഉപസംഹാരം**

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.